Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

8th December 2015

## തദ്ദേശ ഭരണ പ്രത്യേക തിരഞ്ഞെടുപ്പ് ഫലം

ഇന്ന് (ഡിസംബർ എട്ട്) നടന്ന തദ്ദേശ ഭരണ പ്രത്യേക/ഉപ തിരഞ്ഞെടുപ്പിൽ മൂന്നു വാർഡുകളിൽ എൽ.ഡി.എഫും, രണ്ടു വാർഡുകളിൽ യു.ഡി.എഫും, ഒരു വാർഡിൽ ബി.ജെ.പിയും വിജയിച്ചു. സ്ഥാനാർത്ഥികളുടെ മരണം, രാജി എന്നിവ കാരണമാണ് പ്രത്യേക/ഉപതിരഞ്ഞെടുപ്പ് ആവശ്യമായി വന്നത്. പത്തനംതിട്ട ഏറാത്ത് ഗ്രാമപഞ്ചായത്തിലെ ചൂരക്കോട് വാർഡിൽ എൽ.ഡി.എഫിൻെറ ടി.ഡി. സജി 233 വോട്ടുകൾക്ക് വിജയിച്ചു. തൃശ്ശൂർ ചേലക്കര ഗ്രാമപഞ്ചായത്തിലെ തോട്ടേക്കാട് വാർഡിൽ യു.ഡി.എഫിലെ എൻ പ്രസന്ന 62 വോട്ടുകൾക്കും, പാലക്കാട് പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ ചന്ദ്രാപുരം വാർഡിൽ എൽ.ഡി.എഫിലെ എം റാഫി 241 വോട്ടുകൾക്കും ചെർപ്പുളശ്ശേരി നഗരസഭയിലെ കൂളിയാട് വാർഡിൽ യു.ഡി.എഫിലെ അബ്ദുൾ അസീസ്(കെ.കെ. എ അസീസ്) 247 വോട്ടുകൾക്കും, കണ്ണൂർ ധർമ്മടം ഗ്രാമപഞ്ചായത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാർഡിൽ എൽ.ഡി.എഫിലെ ടി.കെ.പവിത്രൻ 328 വോട്ടുകൾക്കും, കാസർഗോഡ് മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ അയ്യർകട്ടെ വാർഡിൽ ബി.ജെ.പി യിലെ പ്രമീള പി. മഞ്ജു 69 വോട്ടുകൾക്കും വിജയിച്ചു. ഇടുക്കി അടിമാലി ബ്ലോക്ക് പഞ്ചായത്തിലെ കല്ലാർ ഡിവിഷനിൽ നടന്ന തിരഞ്ഞെടുപ്പിൻെറ ഫലം ബുധനാഴ്ച പ്രഖ്യാപിക്കുന്നതാണ്.

ചൊവ്വാഴ്ച നടന്ന തിരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ പോളിംഗ് ശതമാനം ചുവടെ.

| | | | | |
|---|---|---|---|---|
| ഏറാത്ത് | - | ചൂരക്കോട് | - | 77.95 |
| അടിമാലി | - | കല്ലാർ | - | 61.44 |
| ചേലക്കര | - | തോട്ടേക്കാട് | - | 85.55 |
| പുതുശ്ശേരി | - | ചന്ദ്രപുരം | - | 90.71 |
| ചെർപ്പുളശ്ശേരി | - | കൂളിയാട് | - | 81.38 |
| ധർമ്മടം | - | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | - | 83 |
| മഞ്ചേശ്വരം | - | അയ്യർകട്ടെ | - | 72.13 |

*(എസ്.ഇ.സി. 227/2015)*